LIBRARY ARCHIVES Kerala Legislative Assembly

ഗൃഹശ്രീ ഭവന പദ്ധതി :

സ്വന്തമായി 2 സെന്റ്/3 സെന്റ് ഭൂമിയെങ്കിലും കൈവശമുള്ള ദുർബല വിഭാഗം (EWS)/ താഴ്ന്ന വരുമാനവിഭാഗ (LIG) ത്തിൽപ്പെട്ടവർക്ക് സന്നദ്ധ സംഘടന/ എൻ.ജി.ഒ/കാരുണ്യവാന്മാരായ വ്യക്തികൾ എന്നിവരുടെ സഹകരണത്തോടെ വീട് നിർമ്മാണത്തിനായി 2 ലക്ഷം രൂപ സർക്കാർ സബ്സിഡി നൽകുന്ന പദ്ധതിയായ ഗൃഹശ്രീ ഭവന പദ്ധതി ഹൗസിംഗ് ബോർഡ് മുഖേന നടപ്പിലാക്കി വരുന്നു. ബോർഡ് നിഷ്കർഷിച്ചിട്ടുള്ള അർഹതാ മാനദണ്ഡങ്ങൾക്കനുസരിച്ച് തെരഞ്ഞെടുക്കപ്പെടുന്ന ദുർബല/താഴ്ന്ന വരുമാന വിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കൾ 1 ലക്ഷം രൂപയും അവരെ സ്പോൺസർ ചെയ്യുന്ന സന്നദ്ധ സംഘടന/ എൻ.ജി.ഒ/കാരുണ്യവാന്മാരായ വ്യക്തികൾ എന്നിവർ 1 ലക്ഷം രൂപയും ഈ പദ്ധതിയിൽ നിക്ഷേപിക്കേണ്ടതാണ്. നിർമ്മാണ പുരോഗതി കണക്കിലെടുത്ത് ഈ 4 ലക്ഷം രൂപ 4 ഗഡുക്കളിലായി ഗുണഭോക്താക്കൾക്ക് അനുവദിക്കുന്നതാണ്. സ്പോൺസർ മുഖേനയാണ് ഗുണഭോക്താവ് ബോർഡിൽ അപേക്ഷ സമർപ്പിക്കേണ്ടത്.

(ബി) ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള ഭൂ-ഭവനരഹിതരായ വിഭാഗക്കാർക്ക് ബോർഡ് നടപ്പിലാക്കുന്ന സാഫല്യം ഭവന പദ്ധതിയിലൂടെ ഫ്ലാറ്റ് സമുച്ചയങ്ങളാണ് നിർമ്മിക്കുന്നത്. കൂടാതെ താഴ്ന്നവരുമാനക്കാർക്കായി പഞ്ചായത്ത് ലഭ്യമാക്കുന്ന ഭൂമിയിൽ സർക്കാർ സബ്സിഡിയോടുകൂടി ഫ്ലാറ്റ് സമുച്ചയങ്ങൾ നിർമ്മിക്കാൻ ഉദ്ദേശിച്ചിട്ടുള്ള സങ്കേതം ഭവന പദ്ധതിക്ക് തത്വത്തിൽ സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്. 2 ലക്ഷം രൂപ സർക്കാർ സബ്സിഡിയും, 2 ലക്ഷം രൂപ പഞ്ചായത്ത് ഗുണഭോക്താക്കൾക്കുവേണ്ടി വായ്പ സമാഹരിച്ച ലഭ്യമാക്കേണ്ടതും ബാക്കി 1 ലക്ഷം രൂപ ഗുണഭോക്തൃ വിഹിതമായും ലഭ്യമാക്കിയിട്ടാണ് ഈ പദ്ധതി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത്.

ഭവന പദ്ധതികൾ

203 (2441) ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഇപ്പോൾ നിലവിലുള്ള ഭവന പദ്ധതികൾ ഏതെല്ലാം; ഇവയിൽ സംസ്ഥാന സർക്കാരിന്റെയും കേന്ദ്ര സർക്കാരിന്റെയും പദ്ധതികൾ ഇനം തിരിച്ച് വിശദമാക്കുമോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ എത്ര വീടുകൾ നല്കിയിട്ടുണ്ട്, ഇവയ്ക്ക് ഓരോ വർഷവും ചെലവാക്കിയ തുക എത്രയാണെന്ന് അറിയിക്കുമോ ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പുതിയതായി ഏതെങ്കിലും ഭവന പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഏതെല്ലാം ; ഇതു വഴി എത്ര പേർക്ക് ഭവന നിർമ്മാണത്തിന് സഹായം നല്കി ; ഇതിന് എത്ര തുക ചെലവാക്കിയിട്ടുണ്ട് ; വിശദാംശം നല്കുമോ ;

(ഡി) സംസ്ഥാനത്തെ ഭവനരഹിതരുടെ എണ്ണം കണക്കാക്കിയിട്ടുണ്ടോ; വിശദാംശം നല്കുമോ ?

ഉത്തരം

(എ) സംസ്ഥാന ഭവന നിർമ്മാണ ബോർഡുവഴി സംസ്ഥാന സർക്കാർ നടപ്പിലാക്കുന്ന ഭവന പദ്ധതികളുടെ വിശദാംശം അനുബന്ധം ആയി ചേർത്തിരിക്കുന്നു. കേന്ദ്ര സർക്കാർ ഗ്രാന്റും സംസ്ഥാന സർക്കാർ വിഹിതവും വിനിയോഗിച്ച് ബോർഡ് വർക്കിംഗ് വിമൻസ് ഹോസ്റ്റൽ പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്. നിർമ്മാണ ചെലവിന്റെ എസ്റ്റിമേറ്റ് തുകയുടെ 75% കേന്ദ്ര സർക്കാർ ഗ്രാന്റായും 25% തുക സംസ്ഥാന സർക്കാർ വിഹിതമായി ബജറ്റിലൂടെയും ലഭ്യമാകുന്നുണ്ട്.

(ബി) വിശദാംശം അനുബന്ധം ആയി ചേർത്തിരിക്കുന്നു.*

(സി) വിശദാംശം അനുബന്ധം ആയി ചേർത്തിരിക്കുന്നു.*

(ഡി) ലാന്റ് റവന്യൂ കമ്മീഷണറുടെ 26-11-2013-ലെ റിപ്പോർട്ട് അനുസരിച്ച് സംസ്ഥാനത്ത് സ്വന്തമായി ഭവനമില്ലാത്തവരായി 470606 കുടുംബങ്ങളുണ്ട്. വിശദാംശം അനുബന്ധം ആയി ചേർത്തിരിക്കുന്നു.*

ഭവന നിർമ്മാണ പദ്ധതികൾ

204 (2442) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഏതൊക്കെ ഭവന നിർമ്മാണ പദ്ധതികളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കാമോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly